**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** **08-12-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ പാത 66 ന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ പാത 66 വികസനത്തിന്റെ ഭാഗമായി പ്രവൃത്തി തുടങ്ങിയപ്പോൾ നിലവിലെ സർവീസ് റോഡുകളിൽ നിന്നുള്ള കണക്റ്റിവിറ്റി, ഡ്രെയിനേജ് പ്രശ്നം ,പ്രധാന വിദ്യാലയങ്ങൾ, ആരാധനാലയം എന്നിവിടങ്ങളിലേക്ക് എതിർവശത്ത് നിന്ന് പ്രവേശിക്കാൻ അണ്ടർ പാസ് തുടങ്ങി ഉയർന്ന് വന്ന പ്രശ്നങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിവരം നൽകുമോ; വിശദാംശം ; | (എ) | സർവീസ് റോഡുകളിൽ നിന്നുള്ള കണക്റ്റിവിറ്റി, ഡ്രെയിനേജ് പ്രശ്നം, അണ്ടർ പാസ് സംബന്ധിച്ച ആവശ്യം എന്നീ വിഷയങ്ങളിലും കരാർ ഏറ്റെടുത്ത കമ്പനി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചും പൊതുജനങ്ങളും, ജനപ്രതിനിധികളും ഉന്നയിക്കുന്ന ആവശ്യങ്ങൾ അവയുടെ സാങ്കേതികമായ പ്രായോഗികത ( Technical Feasibility) അടിസ്ഥാനപ്പെടുത്തി പരിഗണിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രവൃത്തി കരാർ ഏറ്റെടുത്ത കമ്പനി താത്കാലികമായി എടുത്ത സ്ഥലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ കെട്ടിട നിർമ്മാണം നടത്തുക, ജനവാസ കേന്ദ്രങ്ങളിൽ സാധന സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുക തുടങ്ങിയ പരാതികൾ പരിഹരിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിക്ക് ജനപ്രതിനിധികളുമായി ചർച്ച നടത്തി രമ്യമായി പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശം നൽകുമോ? | (ബി) | സർവീസ് റോഡുകളിൽ നിന്നുള്ള കണക്റ്റിവിറ്റി, ഡ്രെയിനേജ് പ്രശ്നം, അണ്ടർ പാസ് സംബന്ധിച്ച ആവശ്യം എന്നീ വിഷയങ്ങളിലും കരാർ ഏറ്റെടുത്ത കമ്പനി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചും പൊതുജനങ്ങളും, ജനപ്രതിനിധികളും ഉന്നയിക്കുന്ന ആവശ്യങ്ങൾ അവയുടെ സാങ്കേതികമായ പ്രായോഗികത ( Technical Feasibility) അടിസ്ഥാനപ്പെടുത്തി പരിഗണിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ